സബ്സ്റ്റേഷനുള്ള നിർദ്ദേശം ബോർഡിന്റെ പരിഗണനയിലുണ്ട്. ആയത് തീരുമാനമെടുക്കാൻ ബോർഡിനോട് ഗവൺമെന്റ് നിർദ്ദേശിക്കുകയും ചെയ്യാം. കൂട്ടത്തിൽ ബഹുമാനപ്പെട്ട അങ്ങയോട് ഇപ്പോൾ പറഞ്ഞതും രാവിലെ തന്നെ ശ്രദ്ധയിൽപ്പെടുത്തിയതുമായ കഴിഞ്ഞ ദിവസങ്ങളിൽ ഒരു മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ഉണ്ടായത്, ആ പ്രദേശത്തെ പൂവൻതുരുത്തിൽ 220 കെ.വി.എ. സബ്സ്റ്റേഷനിലെ ബുഷ് പൊട്ടിത്തെറിച്ചതു മൂലമാണ് ഇത് സംഭവിച്ചിട്ടുള്ളത്. 200 കെ.വി.എ. യുടെ രണ്ട് ട്രാൻസ്ഫോർമറുകളാണ് അവിടെ സ്ഥാപിച്ചിട്ടുള്ളത്. മൂന്നു ബങ്കുകൾ ചേർത്താണ് 200 കെ.വി.എ. ട്രാൻസ്ഫോർമറിലെ ഓരോ ഫെയിസും തയ്യാറാക്കുന്നത്. അതിൽ ഒരു യൂണിറ്റിന്റെ ബുഷ് ആണ് പൊട്ടിത്തെറിച്ചിരിക്കുന്നത്. ഇത് റിപ്പയർ ചെയ്തെടുക്കുന്നതിന് സാധാരണ ഗതിയിൽ രണ്ടാഴ്ചയെങ്കിലും എടുക്കും എന്നാണ് അറിഞ്ഞിട്ടുള്ളത്. ഒരാഴ്ചയ്ക്കുള്ളിൽ തന്നെ റിപ്പയർ ചെയ്യാൻ കഴിയത്തക്ക വിധത്തിൽ ഒരു യുദ്ധകാലാടിസ്ഥാനത്തിലുള്ള ശ്രമം നടത്താമെന്നാണ് ബോർഡ് അധികൃതർ പറഞ്ഞിട്ടുള്ളത്. ഇതുമൂലം ചങ്ങനാശ്ശേരിയിൽ മാത്രമല്ല, പള്ളത്തുനിന്നുള്ള ഫീഡർ വരുന്ന വഴിയിലെ മറ്റു പ്രദേശങ്ങളിലും ബുദ്ധിമുട്ട് വരുന്നുണ്ട്. അതിന്റെ ക്രമീകരണങ്ങൾ ചില ദിവസങ്ങളിൽ വേണ്ടി വന്നേക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(10) റബ്ബർ കയറ്റുമതിയും സംഭരണവും കാര്യക്ഷമമായി നടപ്പാക്കേണ്ടത് സംബന്ധിച്ച്

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, റബ്ബർ കൃഷി സംരക്ഷിക്കപ്പെടുന്നതിനും റബ്ബർ വില ഉയർത്തുന്നതിനും സഹായകമാകുന്ന നിലയിൽ റബ്ബർ കയറ്റുമതിയും സംഭരണവും കാര്യക്ഷമമായി നടപ്പാക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. റബ്ബർ വില ഉയർത്തുന്നതിന് ഇപ്പോൾ ചെയ്യാവുന്ന ഏറ്റവും ഫലപ്രദമായ നടപടി പരമാവധി റബ്ബർ കയറ്റുമതി ചെയ്യുക എന്നുള്ളതാണ്. ഇത് പ്രാവർത്തികമാക്കുന്നതിന് സർക്കാർ സന്നദ്ധത കാണിക്കണം. കയറ്റുമതിയുടെ കാര്യത്തിൽ സിംഗപ്പൂരിലേയ്ക്ക് 50,000 ടൺ റബ്ബർ കയറ്റുമതി ചെയ്യുന്നതിൽ സിംഗപ്പൂരിൽ നിന്ന് പ്രത്യേക അനുമതി ലഭിച്ചതായി അറിയുകയുണ്ടായി. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കുകയും 50,000 ടൺ റബ്ബർ സിംഗപ്പൂരിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുകയും ചെയ്യണം എന്ന് ആവശ്യപ്പെടുന്നു. ഈ കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുന്നതോടൊപ്പം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ റബ്ബർ കയറ്റുമതി ചെയ്യുന്നതിനും ലാറ്റക്സ് കയറ്റുമതി ചെയ്യുന്നതിനും സർക്കാർ നടപടി എടുക്കും എന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കിയിരുന്നു. ഇപ്രകാരം റബ്ബർ കയറ്റുമതിയും ലാറ്റക്സ് കയറ്റുമതിയും നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ, അക്കാര്യത്തിൽ നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നത് വ്യക്തമാക്കണമെന്ന് ആവശ്യപ്പെടുകയാണ്. റബ്ബർ സംഭരണം ഇനിയും കാര്യക്ഷമമാക്കേണ്ടതാണ്. റബ്ബർ സംഭരിക്കാൻ സർക്കാർ ചുമതലപ്പെടുത്തിയ വിവിധ ഏജൻസികളായ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും റബ്കോയും ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ-റബ്ബർ സംഭരണം കാര്യക്ഷമമായി നടത്തിയിട്ടുണ്ടോ എന്ന് അങ്ങ് വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. റബ്ബർ സംഭരണ കാര്യത്തിൽ എസ്.ടി.സി. കൃഷിക്കാരെ വഞ്ചിക്കുന്നതായിട്ടാണ് കൃഷിക്കാർക്ക് അനുഭവപ്പെട്ടിട്ടുള്ളത്. കാര്യക്ഷമമായി റബ്ബർ സംഭരണം നടത്താൻ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും റബ്കോയും എസ്.ടി.സി. യും എന്തുമാത്രം റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly

സംഭരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് റബർ വില ഉയർത്തുന്നതിലേക്കായി റബർ കയറ്റുമതിയും റബർ സംഭരണവും കാര്യക്ഷമമായി നടപ്പാക്കുന്നതിന് വിവിധ നടപടികൾ ഗവൺമെന്റ് തുടർന്നും സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് തടയാനായിട്ട് റബ്ബർ കർഷകരെ സഹായിക്കാൻ വേണ്ടിയിട്ട് റബ്ബർ ശേഖരിച്ച് സ്റ്റോക്ക് ചെയ്യുന്നതിന് മാർക്കറ്റിംഗ് ഫെഡറേഷൻ, റബ്കോ എന്നീ രണ്ടു ഏജൻസികളെയാണ് ഗവൺമെന്റ് നിയോഗിച്ചിട്ടുള്ളത്. മാർക്കറ്റ് വിലയേക്കാൾ 50 പൈസ അധികം കൊടുത്ത് റബ്ബർ വാങ്ങി ശേഖരിച്ച് വയ്ക്കണം എന്നുള്ളതാണ് നിർദ്ദേശം. ഇതിനു വേണ്ടിയിട്ട് റബ്കോയ്ക്കും, മാർക്കറ്റിംഗ് ഫെഡറേഷനും ഒരു കിലോ റബ്ബറിന് 50 പൈസ വച്ച് ഹാന്റ്ലിംഗ് ചാർജ്ജ് കൊടുക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായിട്ട് റബ്കോ ഇതിനകം 14,452 ടൺ റബ്ബർ 50 പൈസ അധികം നൽകി മാർക്കറ്റിൽനിന്ന് ശേഖരിച്ച് സ്റ്റോക്ക് ചെയ്തിട്ടുണ്ട്. മാർക്കറ്റിംഗ് ഫെഡറേഷൻ 2880 ടൺ മാത്രമാണ് ഇതുവരെ വാങ്ങി സ്റ്റോക്ക് ചെയ്തിട്ടുള്ളത്. ഇതിന് സ്വീകരിക്കുന്ന പ്രവർത്തനങ്ങൾ പരിശോധിക്കാനും കുറ്റമറ്റതാക്കാനുമുള്ള മോണിറ്ററിംഗ് കമ്മിറ്റി പ്രതിമാസ യോഗം ചേർന്ന് വിലയിരുത്തുന്നുണ്ട്. മാർക്കറ്റിംഗ് ഫെഡറേഷന് റബ്ബർ ശേഖരിക്കാനായിട്ട് സാമ്പത്തികമായ പ്രശ്നം ഉണ്ടെന്ന് പറഞ്ഞപ്പോൾ ഗവൺമെന്റ് ഗ്യാരന്റി നിന്ന് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് അവർക്ക് വായ്പ ലഭിച്ചിട്ടുണ്ട്. എന്നിട്ടും മാർക്കറ്റിംഗ് ഫെഡറേഷന്റെ റബ്ബർ ശേഖരണം വേണ്ടത്ര രീതിയിൽ പുരോഗമിച്ചിട്ടില്ല. ഇതിനകം തന്നെ എസ്.ടി.സി. യുടെ കൈയിൽ 11,000 ടൺ റബ്ബർ അവർ ശേഖരിച്ചു സ്റ്റോക്കു ചെയ്യുന്നുണ്ട്. ഇതാണ് റബ്ബർ ശേഖരണത്തിനെ കുറിച്ച് പൊതുവെ പറയാനുള്ളത്. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ശേഖരണ രംഗത്ത് റബ്കോ നല്ല പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. 50,000 ടൺ റബ്ബർ സിംഗപ്പൂരിൽ ഒരു കമ്പനിയിൽ ആവശ്യപ്പെട്ടതായിട്ട് റബ്ബർബോർഡ് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിരുന്നു. ഒരു മാസത്തിൽ 5,000 ടൺ റബ്ബർ കയറ്റി അയയ്ക്കത്തക്ക രീതിയിൽ 9 മുതൽ 12 മാസത്തിനിടയിൽ 50,000 ടൺ റബ്ബർ കയറ്റി അയയ്ക്കാനായിട്ടുള്ള ഒരു ഓഫറാണ് ലഭിച്ചിട്ടുള്ളത് എന്ന് റബ്ബർ ബോർഡാണ് സർക്കാരിനെ അറിയിച്ചിട്ടുള്ളത്. റബ്ബർ ബോർഡിന്റെ നിർദ്ദേശം സർക്കാരിന് ലഭിച്ച ഉടനെ തന്നെ ബഹുമാന്യനായിട്ടുള്ള മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമായി ആലോചിച്ച് ഈ സിംഗപ്പൂർ കമ്പനിയുടെ ഓഫർ പ്രാവർത്തികമാക്കാൻ ആവശ്യമായിട്ടുള്ള നടപടി റബ്ബർ ബോർഡിനോട് സ്വീകരിക്കാനായിട്ട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ കയറ്റുമതിയെ സംബന്ധിച്ച് വിശദാംശങ്ങൾ തയ്യാറാക്കാൻ വേണ്ടിയിട്ട് റബ്ബർ ബോർഡിന്റെയും മാർക്കറ്റിംഗ് ഫെഡറേഷന്റെയും റബ്കോയുടെയും പ്രതിനിധികൾ അടങ്ങുന്ന എ.പി.സി. ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ ഇനി ആരംഭിക്കേണ്ടത് റബ്ബർ ബോർഡാണ്, അവരാണ് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്. റബ്ബർ ബോർഡിനോട് അതിന്റെ അനന്തര നടപടികൾ ആരംഭിക്കാനായിട്ട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിൽ ഇവിടെ പറഞ്ഞതനുസരിച്ച് ലാറ്റക്സിന്റെ ഉൽപ്പാദന രംഗത്ത് പ്രധാനമായും പങ്കെടുക്കുന്ന മൂന്നു പൊതുമേഖലാ സ്ഥാപനങ്ങളാണ് പ്ലാന്റേഷൻ കോർപ്പറേഷൻ, ആർ.പി.എൽ., സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ. ഇവർ ഉൽപ്പാദിപ്പിക്കുന്ന ലാറ്റക്സിന്റെ 25% വിദേശത്തേക്ക് കയറ്റി അയയ്ക്കണം,

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കയറ്റി അയയ്ക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം പൂർണ്ണമായിട്ടും സംസ്ഥാന ഗവൺമെന്റ് അവർക്ക് പരിഹരിച്ചു നൽകുമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നു. അതനുസരിച്ചുള്ള നടപടികൾ ഇവർ സ്വീകരിച്ചു വരികയാണ്. പ്ലാന്റേഷൻ കോർപ്പറേഷൻ 80 ബാരൽ ലാറ്റക്സ് ഇതിനകം കയറ്റി അയച്ചിട്ടുണ്ട്. കൂടുതൽ ലാറ്റക്സ് കയറ്റി അയയ്ക്കാനായിട്ടുള്ള നടപടികൾ അവർ സ്വീകരിച്ചു വരികയാണ്. ഇതാണ് ലാറ്റക്സിന്റെ കയറ്റുമതിയെ സംബന്ധിച്ച് ഗവൺമെന്റിന് അറിയിക്കാനുള്ളത്. മറ്റൊരു കാര്യം ചൈനയിലേയ്ക്ക് 3000 ടൺ റബ്ബർ കയറ്റി അയയ്ക്കുന്നതിനു വേണ്ടിയിട്ട് ഒരു ഓഫർ ലഭിച്ചിരുന്നു. മാർക്കറ്റിംഗ് ഫെഡറേഷനാണ് ആ ഓഫർ ലഭിച്ചത്. ഗവൺമെന്റിനെ അറിയിച്ച ഉടനെ തന്നെ ഈ 3000 ടൺ റബ്ബർ ചൈനയിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിന് മാർക്കറ്റിംഗ് ഫെഡറേഷന് അനുമതി കൊടുത്തിരുന്നു. പക്ഷേ അതിനുള്ള നടപടികൾ അവർ സ്വീകരിച്ചു കാണുന്നില്ല. ഇതാണ് ഗവൺമെന്റിന് അറിയിക്കാനുള്ളത്. പരമാവധി റബ്ബർ ശേഖരിക്കുന്നതിനും സംരക്ഷിച്ചു വയ്ക്കുന്നതിനും റബ്ബറിന്റെ വില ഉയർത്തുന്നതിനും ആവശ്യമായ സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ താൽക്കാലികമായി സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിരോധിച്ചിട്ടുണ്ട്. അത് തുടരണമെന്ന് ഗവൺമെന്റ് വീണ്ടും വീണ്ടും കേന്ദ്രഗവൺമെന്റിനോട് ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്.

(11) പേഴയ്ക്കാപ്പിള്ളി ബസ്സപകടം

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഒരു പ്രദേശത്തെ മുഴുവൻ വേദനയിലാഴ്ത്തിയ ദാരുണമായ ഒരു ബസ്സ് അപകടത്തെക്കുറിച്ചാണ് ഞാൻ ഇവിടെ ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ഇന്നലെ പുലർച്ചെ മൂവാറ്റുപുഴ പട്ടണത്തിനടുത്ത് പേഴയ്ക്കാപ്പിള്ളി എന്ന സ്ഥലത്ത് പാലക്കാടു നിന്ന് തിരുവനന്തപുരത്തേയ്ക്ക് സർവ്വീസ് നടത്തിവന്ന ഒരു സൂപ്പർ ഫാസ്റ്റ് ബസ്സ് മീൻ കച്ചവടം നടത്തി വന്നിരുന്ന പാവപ്പെട്ട തൊഴിലാളികളുടെ ഇടയിലേയ്ക്ക് പാഞ്ഞുകയറി മൂന്നു തൊഴിലാളികൾ ദാരുണമായി ആ സംഭവസ്ഥലത്തു വച്ചുതന്നെ മരിക്കുകയുണ്ടായി. നാലുപേർ ആശുപത്രിയിലുണ്ട്. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന നാലുപേരിൽ മൂന്നുപേരുടെ നില അതീവ ഗുരുതരമായി തുടരുകയാണ്. ഈ സംഭവം അറിഞ്ഞ ഉടൻ തന്നെ ഞാനും എന്റെ സഹപ്രവർത്തകൻ ശ്രീ. എം.പി. വർഗ്ഗീസും ഇന്നലെ ഇവിടെ നിന്ന് നേരിട്ടു പോയി ആ സംഭവസ്ഥലം സന്ദർശിക്കുകയുണ്ടായി. അവിടെ ചെന്നപ്പോൾ അക്ഷരാർത്ഥത്തിൽ മരവിച്ചു നിൽക്കുന്ന ഒരു മനുഷ്യ സമൂഹത്തെയാണ് ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞത്. അവിടെ അവരെ ആശ്വസിപ്പിക്കാൻ വാക്കുകൾ പോലും കിട്ടാതെ ഞങ്ങൾ വിഷമിച്ചു. മരണമടഞ്ഞ മൂന്ന് ആളുകൾ എളവുംകുടിയിൽ അലിയാരും കുന്നത്തുനാട് നവാസും, കൊച്ചുകോണിക്കൽ അസീസും ചെറുപ്പക്കാരായ മീൻ കച്ചവടക്കാരാണ്. സൈക്കിളിൽ മീൻ കൊണ്ടുപോയി വീടുകളിൽ വിറ്റ് അതിൽ നിന്ന് കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് കുടുംബം പുലർത്തിപ്പോന്ന കുടുംബാംഗങ്ങൾ. പരിക്കുപറ്റി കഴിയുന്നവരും ഇതുപോലെ തൊഴിലാളികളാണ്. അവിടെ ദാരുണമായ ഈ ബസ്സ് അപകടം ഉണ്ടായിട്ട് ബസ്സിന്റെ ഡ്രൈവറെ കസ്റ്റഡിയിലെടുത്തു, റിമാന്റ് ചെയ്തു എന്നുള്ളതൊക്കെ ശരിയാണ്. എങ്കിൽപ്പോലും അവരുടെ കുടുംബങ്ങളെ സഹായിക്കാൻ കാര്യമായിട്ടൊന്നും ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കെ.എസ്.ആർ.ടി.സി. യുടെ ആളുകൾ 2000 രൂപവച്ച് അടിയന്തിരമായി സഹായം കൊടുത്തു

LIBRARY ARCHIVES Kerala Legislative Assembly